II ഇ.ബി. XIII- കേരള നിയമസഭ/IX-5

പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 ജൂൺ 14, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

15 (*121) ബി.എസ്.യു.പി. പദ്ധതി

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) നൽകിയ മറുപടിയിൽ, തിരുവനന്തപുരം കോർപ്പറേഷനിലും 5 സമീപ പഞ്ചായത്തുകളിലും കൊച്ചി കോർപ്പറേഷനിലും 11 സമീപ പഞ്ചായ ത്തുകളിലും തൃപ്പൂണിത്തുറ, കളമശേരി എന്നീ നഗരസഭകളിലുമാണ് ബി.എസ്.യു.പി. പദ്ധതി നടപ്പിലാക്കുന്നതെന്ന് സഭയെ അറിയിച്ചു. നഗരകാര്യ വകുപ്പുമന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ തലങ്ങളിൽ അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുകയും സംസ്ഥാനതല പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റും ജില്ലാതല ഇംപ്ലിമെന്റേഷൻ യൂണിറ്റുകളും സജ്ജമാക്കി പദ്ധതി നടപ്പിലാക്കുന്ന നഗരസഭകളും പ്രവൃത്തിസ്ഥലങ്ങളും സന്ദർശിച്ച് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകി പദ്ധതി നിർവ്വ

ഹണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കക്കൂസുകൾ, കമ്മ്യൂണിറ്റി ടോയ്‌ലെറ്റുകൾ, ഭൗതിക സൗകര്യങ്ങളായ ശുദ്ധജല വിതരണം, ഓടകൾ, പൊതു കുളിമുറികൾ, നിലവിലുള്ള ചെറുപാതകളുടെ വീതി കൂട്ടലും പേവിംഗും, സ്വീവേജ് ലൈനുകൾ, തെരുവ് വിളക്കുകൾ, അംഗൻവാടികൾ, അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ, വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ, വായനശാലകൾ, ക്ലബ്ബുകൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുട്ടികളുടെ കളിസ്ഥലങ്ങൾ തുടങ്ങിയ സേവനങ്ങളാണ് ഈ പദ്ധതി വഴി നൽകാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ 233 കോടി രൂപയും കേരള സർക്കാർ 38.48 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം തിരുവനന്തപുരത്ത് നിർമ്മാണം ആരംഭിച്ച 7918 വീടുകളിൽ 6607 എണ്ണത്തിന്റെയും കൊച്ചിയിൽ 8033 വീടുകളിൽ 6677 എണ്ണത്തിന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 32 മുനിസിപ്പാലിറ്റികളിൽ രണ്ട് മാസത്തിനകവും 28 മുനിസിപ്പാലിറ്റികളിൽ ഒരു വർഷത്തിനകവും മാസ്റ്റർ പ്ലാൻ തയ്യാറാക്കി പദ്ധതി നിർവ്വഹണത്തിലെ തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കും. ആർ.എ.വൈ. അനുസരിച്ചുള്ള രണ്ട് പദ്ധതികൾക്ക് തിരുവനന്തപുരത്തും കൊല്ലത്തും അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾക്കായി തിരുവനന്തപുരം കോർപ്പറേഷന് 72 കോടി രൂപയും കൊല്ലം കോർപ്പറേഷന് 17.86 കോടി രൂപയും അനുവദിച്ചുകിട്ടിയിട്ടുണ്ട്; പദ്ധതി എല്ലാ മുനിസിപ്പാലിറ്റികളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണ്. കെ.എസ്.യു.ഡി.പി.-യിൽ നിലവിലുള്ള കൺസൾട്ടന്റ്സിനെ ഒഴിവാക്കി

എഞ്ചിനീയർമാരെ നേരിട്ട് നിയമിച്ചുകൊണ്ട് പദ്ധതി പ്രവർത്തനം കാര്യക്ഷമ മാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ആർ.എ.വൈ., ബി.എസ്.യു.പി. തുടങ്ങിയ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹി ക്കിൾ ആരംഭിക്കുന്ന കാര്യവും വികസിത നഗരഭൂമിയിൽ 15 മുതൽ 20 ശത മാനം വരെ നഗരത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗ ങ്ങൾ, താഴ്ന്ന വരുമാനമുള്ളവർ എന്നിവരുടെ ഭവനപദ്ധതികൾക്കായി നീക്കി വയ്ക്കുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

16 (*122) <u>പ്രവാസിക്ഷേമ ബോർഡിന്റെ പ്രവർത്തനം</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) നൽകിയ മറുപടിയിൽ, കേരള പ്രവാസി കേരളീയ ക്ഷേമ ആക്ടിലും സ്കീമിലും വിഭാവനം ചെയ്തിട്ടുള്ള വിവിധ പ്രവാസിക്ഷേമ പദ്ധതികൾ വിജയകരമായി നടപ്പിൽവരുത്തി പ്രവാ സികളുടെ ക്ഷേമവും ഉന്നമനവും ലക്ഷ്യം വച്ചുകൊണ്ടാണ് 2009-ൽ നിലവിൽ വന്ന കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് പ്രവർത്തിക്കുന്ന തെന്നും ഇതിന്റെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്താറുണ്ടെന്നും സഭയെ അറിയിച്ചു. പ്രവാസികളെ ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്ന തിനുള്ള ഉയർന്ന പ്രായപരിധി 55 വയസ്സിൽ നിന്നും 60 വയസ്സായി ഉയർത്തു ന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. പ്രായപരിധി കടന്നുപോയി എന്ന കാരണത്താൽ ക്ഷേമനിധിയിൽ അംഗത്വം ലഭിക്കാതെപോയ പ്രവാസി കൾക്കായി പ്രത്യേക സഹായനിധി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

ആരംഭിച്ചുകഴിഞ്ഞു. ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ചും പ്രവാസി കേരളീയ ക്ഷേമ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ആനുകൂല്യങ്ങളെക്കുറിച്ചും പ്രവാസികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിപുലമായ ബോധവത്കരണ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. പ്രവാസി ക്ഷേമനിധിയിലെ അംഗങ്ങൾക്ക് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളതും നിലവിൽ ബോർഡ് നൽകിവരുന്നതുമായ പരമാവധി ചികിത്സാസഹായമായ 50,000/- രൂപയ്ക്കും വിവാഹധനസഹായമായ 5,000/ രൂപയ്ക്കും പുറമെ പ്രസവാനുകൂല്യം കൂടി നൽകുന്ന പദ്ധതി ഈ വർഷം തന്നെ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ട്. ഇൻഷ്വറൻസ് പരിരക്ഷ, അംഗങ്ങളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം തുടങ്ങിയവ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്. പ്രവാസികളുമായി ബന്ധപ്പെട്ട അടിയന്തര സാഹചര്യങ്ങളിലെ പ്രവർത്തനങ്ങൾ നോർക്ക റൂട്ട്സ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്. നോർക്ക റൂട്ട്സ് നടപ്പിലാക്കിയ സാന്ത്വന പദ്ധതിയിലൂടെ മരണമടയുന്ന പ്രവാസികളുടെ കുടുംബത്തിന് 1,00,000 ലക്ഷം രൂപ ധനസഹായം നൽകിവരുന്നുണ്ട്. സൗദി അറേബ്യയിൽ നിന്നും കുവൈറ്റിൽ നിന്നും ജോലി നഷ്ടപ്പെട്ട് മടങ്ങിവരുന്നവർക്കുവേണ്ടി നോർക്ക റൂട്ട്സും ഡിപ്പാർട്ടുമെന്റും മുൻകൈ എടുത്തുകൊണ്ട് സമഗ്രമായ ഒരു റീഹാബിലിറ്റേഷൻ പാക്കേജിന് ഈ മാസം അന്തിമരൂപം നൽകുന്നതാണ്. 2013 വരെ പ്രവാസി ക്ഷേമനിധിയിൽ 1,14,000 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. അംഗത്വം വർദ്ധിപ്പിക്കുന്നതിനായി ഗൾഫ് രാജ്യങ്ങളിൽ ക്യാമ്പയിൻ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2014 മുതൽ പെൻഷൻ സ്കീം നടപ്പിലാക്കാനും 5 വർഷത്തിൽ കൂടുതൽ അംശദായം അടച്ചിട്ടുള്ള ഓരോ

അംഗത്തിനും പൂർത്തിയായ ഓരോ വർഷത്തിനും മിനിമം പെൻഷൻ തുക യായ 1000 രൂപയുടെ 3% തുക അധികമായി നൽകുന്നതിനും ഉദ്ദേശിക്കുന്നു. ബോർഡിന്റെ നേതൃത്വത്തിൽ ഹൗസിംഗ് സ്കീം നടപ്പാക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്. ജോലി നഷ്ടപ്പെട്ട് വിദേശരാജ്യങ്ങളിൽ നിന്നും മടങ്ങിവരുന്നവർക്ക് സ്കിൽ ഡെവലപ്മെന്റിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കും. അവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച മന്ത്രിസഭാ ഉപസമിതി തയ്യാറാക്കിയ സമഗ്രമായ പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. നിതാഖത്ത് നിയമപ്രകാരം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേയ്ക്ക് മടങ്ങിവരുന്ന മലയാളികൾക്ക് സാധാരണ നിരക്കിൽ യാത്രാ സൗകര്യം ചെയ്തുകൊടുക്കുന്നതിനാവശ്യമായ സംവി ധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചിച്ചുവരുന്നു. സൗദി അറേബ്യയിൽ ഇടപെട്ടതുപോലെ കുവൈറ്റിലേയ്ക്കും ഒരു പ്രതിനിധി സംഘത്തെ അയച്ച് പ്രശ്നപരിഹാരത്തിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ പരിമിതി ക്കുള്ളിൽ നിന്നുകൊണ്ട് ഗൾഫ് രാജ്യങ്ങളിൽവച്ച് മരണമടയുന്നവരുടെ മൃത ദേഹങ്ങൾ യഥാസമയം നാട്ടിലെത്തിക്കുന്നതിന് പരമാവധി ഇടപെടൽ നട ത്തുന്നതാണെന്ന് ഒരുപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

17 (*123) <u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 10.06.2013-ലെ പുരോഗതി റിപ്പോർട്ട് പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി വേതന വിതരണത്തിൽ 9.59 കോടി

രൂപയുടെ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. നിരവധി പ്രവൃത്തികൾ ഒരേ സമയം പൂർത്തിയാകുന്ന അവസ്ഥ സംജാതമാകുന്ന സന്ദർഭങ്ങളിൽ പ്രവൃത്തികളുടെ മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ പൂർത്തിയാക്കി മസ്റ്റർറോളുകൾ ഡാറ്റാ എൻട്രി ചെയ്ത് വേതന വിതരണം സമയബന്ധിതമായി നടത്തുന്നതിൽ കാലതാമസം നേരിട്ടിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കൂടുതൽ ജീവനക്കാരെ നിയോഗിച്ച് തൊഴിലുറപ്പ് പദ്ധതിയുടെ വേതന വിതരണം പരമാവധി വേഗതയിൽ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിന് ഉല്പാദനമേഖലയെക്കൂടി ഇതിലുൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളിൽ 93%-ഉം സ്ത്രീകളാണെന്നുള്ളത് പരിഗണിച്ച് കഴിഞ്ഞ വർഷം 100 ദിവസം പൂർത്തിയാക്കിയ എല്ലാ സ്ത്രീകൾക്കും 1000 രൂപ വീതം ബോണസായി നൽകുന്നതാണ്. 2010-2011-ൽ 701 കോടി രൂപയും 2012-2013-ൽ 1415 കോടി രൂപയുമാണ് തൊഴിലുറപ്പ് പദ്ധതിയിലൂടെ ചെലവഴിച്ചതെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

18 (*124) <u>വികസന മേഖലയിലെ സ്വകാര്യ പങ്കാളിത്തം</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സമീപനരേഖ പ്രകാരം സംസ്ഥാനത്ത് വൻതോതിൽ നിക്ഷേപം ഉയർത്തുന്നതിന് സ്വകാര്യ പങ്കാളിത്തം ആകർഷിക്കുന്നതിന് ലക്ഷ്യമിടുന്നതായും ഇതിനുസഹായകരമായി പ്ലാനിംഗ് ബോർഡിന് കീഴിൽ ഒരു പ്രൊജക്ട് ഫൈനാൻസിംഗ് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതായും സഭയെ

അറിയിച്ചു. സംസ്ഥാനത്തെ വിവിധ പദ്ധതികളിൽ ബഡ്ജറ്റിന് ഉപരിയായുള്ള ഫണ്ടുകളും സ്വകാര്യ പങ്കാളിത്ത സാദ്ധ്യതയും പ്രയോജനപ്പെടുത്തി നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുക എന്നതാണ് സെല്ലിന്റെ ചുമതല. പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്ന വിവിധ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയിലെ ഉദ്യോഗസ്ഥർക്കായി ഇതിനുള്ള പരിശീലന പരിപാടികൾ നടന്നുവരുന്നു. അഞ്ചു കോടി രൂപയ്ക്കുമേൽ അടങ്കലുള്ള പുതിയ പദ്ധതി നിർദ്ദേശത്തിന്മേൽ സ്വകാര്യ പങ്കാളിത്തമുൾപ്പെടെയുള്ള സാദ്ധ്യത ഈ സെല്ലിൽ പരിശോധിക്കുന്നതിനുള്ള സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രോസ്പെക്ടീവ് പ്ലാൻ 2030 അനുസരിച്ച് കേരളത്തിന്റെ സമഗ്ര വികസനം സംബന്ധിച്ച് സമവായം ഉണ്ടാക്കുന്നതിനായി വിവിധ തലത്തിൽ ചർച്ചകൾ സംഘടിപ്പിക്കുന്നതാണ്. മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ പി.പി.പി. അടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. ജിം, എമർജിംഗ് കേരള തുടങ്ങിയവയുടെ മോഡലിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി എറണാകുളത്തുവച്ച് ഒരു ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1293 മുതൽ 1608 വരെയുള്ള ചോദ്യങ്ങളിൽ 42 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)